14-ാം കേരള നിയമ സഭ

10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 307** | **14-03-2018 -ൽ മറുപടിയ്ക്ക്**

## ലിംബ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മേഖലയിലെ ലിംബ് സെന്ററുകൾ എവിടെയൊക്കെയാണ് നിലവിലുള്ളത് എന്നറിയിക്കുമോ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, ആലപ്പുഴ ജില്ലാ ആശുപത്രികളിലും തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വിഭാഗത്തോട് അനുബന്ധിച്ചും ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററുകൾ നിലവിലുണ്ട്. |
| (ബി) കൈകാലുകൾക്ക് സ്വാധീനം നഷ്ടപ്പെട്ടവർക്ക് രക്ഷാകേന്ദ്രങ്ങളായിരുന്ന ലിംബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത സാഹചര്യം മുതലെടുത്ത് സ്വകാര്യ സ്ഥാപനങ്ങൾ കൊള്ളലാഭം ഉണ്ടാക്കുന്നുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; | |

| | | | |
|---|---|---|---|
| ഡി) | ലിംബ് സെന്ററുകളിൽ ഏതൊക്കെ സേവനങ്ങളാണ് നല്കുന്നതെന്നും അവ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ഡി) | കൃത്രിമ കൈകാലുകൾ,ജയ്പൂർ പാദങ്ങൾ, കാലിപ്പറുകൾ, കോർസെറ്റുകൾ, ചലനസഹായികൾ, എം.സി. ആർ ചപ്പൽ, (മൈക്രോ സെല്ലുലാർ ചപ്പൽ), എം.സി.ആർ ഷീറ്റുകൾ, പോളി പ്രൊപ്പലിൻ ഷീറ്റുകൾ, പാഡിംഗ് മെറ്റീരിയൽസ്, കൃത്രിമ കാലുകൾക്കുള്ള എൻഡോ സ്കെൽറ്റൽ ജോയിന്റുകൾ, സ്പൈനൽ ജാക്കറ്റുകൾ, സർവൈക്കൽ കോളറുകൾ, പലതരം ചെരിപ്പുകൾ, ഷൂസുകൾ തുടങ്ങിയവ ലിംബ് സെന്ററുകളിൽ നിന്നും നിർമ്മിച്ചു നൽകുന്നു. ലിംബ് സെന്ററുകളിലെ പ്രവർത്തനം സുഗമമായി നടന്നു വരുന്നു. |
| (ഇ) | ലിംബ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (ഇ) | ലിംബ് ഫിറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 2018-2019-ൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-2019-ൽ മലപ്പുറം ജില്ലയിലെ തിരൂർ ആശുപത്രിയിൽ ലിംബ് ഫിറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി ഈ വർഷത്തെ ധന സഞ്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ നടപ്പു വർഷത്തിൽ 15 ലക്ഷത്തോളം രൂപയുടെ മെറ്റീരിയൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. ആർട്ടിഫിഷ്യൽ ലിംബ് സെന്ററുകളിൽ നവീനമായ ഉപകരണങ്ങൾ നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ നവീകരണത്തിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ